I/85706/2023

**തദ്ദേശസ്വയംഭരണവകുപ്പ് പ്ലാനിംഗ്, ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ**
**ജില്ലാനഗരാസൂത്രകന്റെ നടപടിക്രമം**

വിഷയം :- തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്- ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കണ്ണൂർ-ഇരിട്ടി താലൂക്ക്-മട്ടന്നൂർ മുനിസിപ്പാലിറ്റി-പഴശ്ശി വില്ലേജ്-റീ.സ.നമ്പർ 66/3A, 69/2 ൽ പെട്ട സ്ഥലത്ത് ഗ്രൂപ്പ് ഐ അപായസാധ്യതാ ഗണത്തിൽ ഉൾപ്പെടുന്ന പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ് നിർമ്മിക്കുന്നതിന് കൺകറൻസോടുകൂടി ഭൂഉപയോഗത്തിനും ലേഔട്ടിനും അനുമതി നൽകി ഉത്തരവാകുന്നു.

പരാമർശം: - 1) KMBR-2019 ചട്ടം 30

2) ടെറിട്ടറി മാനേജർ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ബിൽഡിംഗ് നമ്പർ 2845, വൈ.എം.സി.എ ക്രോസ്സ് റോഡ്, കോഴിക്കോട് -673001 എന്നവർ 23/01/2023 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

---

**ഉത്തരവ് നമ്പർ TCPKNR/24/2023-C തീയതി 09-02-2023**

---

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ, പഴശ്ശി വില്ലേജിൽ റി. സ. നമ്പർ 66/3A, 69/2 ൽ 2500 ച.മീ വിസ്തൃതിയുള്ള സ്ഥലത്ത് ഗ്രൂപ്പ് ഐ ഗണത്തിൽ ഉൾപ്പെടുന്ന 679.16 ച.മീ ബിൽട്ടപ്പ് വിസ്തീർണ്ണമുള്ള ഒരു പെട്രോളിയം റീട്ടെയിൽ ഔട്ട് ലെറ്റ്(കനോപി- 551.72 ച.മീ, സെയിൽസ് ബിൽഡിംഗ്, ടോയിലെറ്റ് ബ്ലോക്ക്-109.44 ച.മീ, ഇ.വി ചാർജ്ജർ-18 ച.മീ) നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതിക്കായി ടെറിട്ടറി മാനേജർ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ബിൽഡിംഗ് നമ്പർ 2845, വൈ.എം.സി.എ ക്രോസ്സ് റോഡ്, കോഴിക്കോട് -673001 എന്നവർ സമർപ്പിച്ചിരുന്ന പ്ലാൻ പ്രകാരം , പ്രസ്തുത നിർമ്മാണത്തിന് കൺകറൻസോടുകൂടി KMBR 2019 ചട്ടം 30 പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭൂഉപയോഗത്തിനും ലേ ഔട്ട് അനുമതിക്കും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം KMBR 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റു നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
2. കണ്ണൂർ ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡ് സ്ഥലം അപേക്ഷകന് ലീസ് നൽകിയ രേഖകൾ KMBR 2019 ചട്ടം 9(2) പ്രകാരം സെക്രട്ടറി പരിശോധിച്ചു ആധികാരികത ഉറപ്പു വരുത്തേണ്ടതാണ്.കൂടാതെ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, വിസ്തീർണ്ണം, ഉടമസ്ഥാവകാശം, ഭൂമിയുടെ തരം, സർവ്വേ/റീ സർവ്വേ നമ്പർ, നിർമ്മാണാവകാശം എന്നിവ മേൽ ചട്ടങ്ങൾ പ്രകാരവും, നിലവിലുള്ള മറ്റ് ആക്ടുകളും നിയമങ്ങളും പ്രകാരവും പരിശോധിച്ചു സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്.
3. KMBR 2019 ചട്ടം 5(4) പ്രകാരം എയർപോർട്ട് അതോറിട്ടി ഓഫ് ഇന്ത്യ(AAI) നിന്നും കൂടാതെ മേൽ ചട്ടപ്രകാരം ആവശ്യമായ മറ്റ് വകുപ്പുകളിൽ നിന്നും NOC വാങ്ങേണ്ടതാണ്. ആയത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. KMBR ചട്ടം 34(3)(3) പ്രകാരം segregated sanitation സൗകര്യങ്ങളും, ചട്ടം 34(3)(2)പ്രകാരം ശുചീകരണ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. ചട്ടം 42(3)പാലിച്ചു കൊണ്ട് ramp ഏർപ്പെടുത്തേണ്ടതാണ്
5. KMBR 2019 ചട്ടം 47(2) പ്രകാരം പെട്രോൾ നിറക്കൽ കേന്ദ്രത്തിന്റെ ചില്ലറ വിതരണ യൂണിറ്റിന് ചുറ്റും 7.5 മീറ്റർ clear open space നൽകിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
6. KMBR 2019 ചട്ടം 47(1) പ്രകാരം ഇന്ധന ടാങ്കിന്റെയും വെന്റ് പൈപ്പ് എന്നിവയുടെ

സ്ഥാനം അല്ലെങ്കിൽ നിർമ്മാണം 2002 ലെ പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം

7. KMBR 2019 ചട്ടം 76(3) പ്രകാരമുള്ള Urban Forestry സംവിധാനം പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. ഉദ്ദേശിക്കുന്ന കെട്ടിടത്തിലേക്ക് ചട്ടം 28(1) പാലിച്ചുകൊണ്ട് കുറഞ്ഞത് 7 മീറ്റർ വീതിയിൽ വഴി ലഭ്യമാക്കേണ്ടതും, ആയത് വഴി സ്ഥലത്തേക്കുള്ള വാഹന ഗതാഗതം എയർപോർട്ട് ഉപയോഗത്തെ ബാധിക്കാത്ത രീതിയിൽ ക്രമീകരിക്കേണ്ടതുമാണ്.
9. KMBR 2019 ലെ ചട്ടം 76(1) പ്രകാരമുള്ള ഭൂഗർഭജലപോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

എൽ. എ നമ്പർ 8/2023 പ്രകാരം ജില്ലാ നഗരാസൂത്രകൻ അംഗീകരിച്ച കെട്ടിടവിന്യാസ വരപ്പുകൾ ഇതോടൊപ്പം അയക്കുന്നു.

ഈ ഉത്തരവ് നിർമ്മാണപ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമത് അല്ല. കെട്ടിടനിർമ്മാണചട്ടങ്ങൾക്കനുസൃതമായ നിർമ്മാണവികസന അനുമതി ബന്ധപ്പെട്ട/ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ചതിന് ശേഷം മാത്രമേ നിർമ്മാണം .ആരംഭിക്കാൻ പാടുള്ളൂ

പി. രവികുമാർ
ടൗൺപ്ലാനർ, കണ്ണൂർ

ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കണ്ണൂർ - 670 002 തദ്ദേശ സ്വയംഭരണ വകുപ്പ് - പ്ലാനിംഗ്

To

സെക്രട്ടറി, മട്ടന്നൂർ മുനിസ്സിപ്പാലിറ്റി

<u>പകർപ്പ്</u>

1) ടെറിട്ടറി മാനേജർ, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ബിൽഡിംഗ് നമ്പർ 2845, വൈ.എം.സി.എ ക്രോസ്സ് റോഡ്, കോഴിക്കോട് -673001
2)ഫയൽ 3) കരുതൽ ഫയൽ